# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത　　　　　　　　06.11.2019-ലെ മറുപടി

ചോദ്യം നമ്പർ:2838

### വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില ഭദ്രമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018 ലും, 2019 ലും ഉണ്ടായ പ്രളയം കേരള വാട്ടർ അതോറിറ്റിക്ക് എന്ത് നഷ്ടമാണ് ഉണ്ടാക്കിയത് എന്ന് വെളിപ്പെടുത്താമോ; | (എ) | 2018 ലെ പ്രളയത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 483 ശുദ്ധജല പദ്ധതികൾക്ക് നാശനഷ്ടമുണ്ടായി. 20,000-ത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നശിച്ചു. ശുദ്ധീകരണ ശാലകളുടെ പ്രവർത്തനം തകരാറിലായത് കാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉത്പാദനം തടസ്സപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവ ഗുരുതര സ്ഥിതിയുണ്ടാക്കി. ഇതിനുപുറമെ 39 മുനിസിപ്പാലിറ്റികളും 346 പഞ്ചായത്തുകളും ബാധിക്കപ്പെട്ടു. മേൽ വിവരിച്ച നാശനഷ്ടങ്ങൾ നികത്തി ജലവിതരണം പൂർവസ്ഥിതിയിൽ എത്തിക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നായി 1640 പ്രവർത്തികൾക്കായി 77.88 കോടി രൂപയുടെ പദ്ധതികൾക്കായി അനുമതി നൽകുകയുണ്ടായി. 2019 വർഷത്തെ മഴക്കെടുതിയിൽ വൈദ്യുത തകരാർ ഉണ്ടായതു കാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ പമ്പിങ് സ്റ്റേഷനുകളിലേക്കുള്ള പ്രവേശനം വെള്ളക്കെട്ട് കാരണം തടസ്സപ്പെട്ടതിനാൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. അമിതമായ കലക്കൽ കാരണം ജലശുദ്ധീകരണ ശാലകളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. ചില ജല വിതരണ പൈപ്പുകൾക്ക് സ്ഥാന ചലനം സംഭവിച്ചത് കാരണം കുടിവെള്ള വിതരണം തടസ്സപ്പെട്ടു. ആകെ 236 സ്കീമുകൾ നിർത്തിവയ്ക്കേണ്ടി വന്നു. ജല ശുദ്ധീകരണവുമായി ബന്ധപ്പെട്ട 745 ഘടകങ്ങൾക്ക് തകരാർ സംഭവിച്ചു. കേരള ജല അതോറിറ്റിക്ക് 23 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ബി) | കേടായ പമ്പുകൾ നന്നാക്കുന്നതിനും, ജലവിതരണം പുനസ്ഥാപിക്കുന്നതിനും അധിക ബാധ്യതയുണ്ടായിട്ടുണ്ടോ; | (ബി) | ശുദ്ധീകരണശാലകളുടെ പ്രവർത്തനത്തിനു തടസ്സം നേരിട്ടതിനാലും പൈപ്പുകൾക്ക് സ്ഥാനചലനം സംഭവിച്ചതിനാലും പമ്പിങ് തടസ്സം നേരിട്ടതിനാലും വിതരണ പ്രക്രിയയെ ബാധിച്ചതിനാൽ റവന്യൂ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. 2018 ലെ മഹാപ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ നികത്തി ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാനായി സ്റ്റേറ്റ് പ്ലാനിൽ മറ്റ് ഹെഡ്ഡുകളിൽ 2018 ആഗസ്റ്റ് വരെ ഭരണാനുമതി നൽകിയത് കഴിഞ്ഞുള്ള ഏകദേശം 43 കോടി രൂപയോളം പ്രളയാനന്തര പ്രവൃത്തിയിൽ വക മാറ്റി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പയും അതിന്റെ പലിശയും നിലവിൽ എത്രയാണ്; അത് മൂലധനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിന് സഹായകരമായിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ബജറ്റ് പ്രഖ്യാപനം അനുസരിച്ച് കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാരിൽ നിന്നും 31.03.2007 വരെ നൽകിയ 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും, വായ്പയിന്മേലുള്ള 1004 കോടി രൂപ പലിശയും പിഴ പലിശയും എഴുതിത്തള്ളുകയും ചെയ്തു. സർക്കാർ വായ്പ മൂലധനമാക്കി മാറ്റുന്നതുവഴി അതോറിറ്റിയുടെ ബാധ്യത കുറയുകയും, വായ്പയുടെ പലിശ എഴുതിത്തള്ളുന്നതു വഴി സഞ്ചിത നഷ്ടം കുറയുകയും ചെയ്തു. കൂടാതെ 2007-08 മുതൽ 2016-17 വരെ കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാരിൽ നിന്നും നൽകിയ വായ്പ തുകയായ 2332.74 കോടി രൂപ മൂലധനമാക്കി മാറ്റുന്ന വിഷയവും അതിന്റെ പലിശയായ 1699.33 കോടി രൂപ (31.03.2017 വരെ) എഴുതിത്തള്ളുന്ന വിഷയവും സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**